സഹകരണമേഖലയിലെ ആശ്വാസ് പദ്ധതികൾ

79 (425) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയതെന്ന് വിശദമാക്കാമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ്. പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. സഹകരണ അദാലത്ത്, ഒറ്റത്തവണ തിർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 10 ലക്ഷം രൂപവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ മാരക രോഗം ബാധിച്ചവർ/ മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പാക്കാരന്റെ ബാധ്യതയിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെയും വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകരണ സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കടിശ്ശിക രഹിത സഹകരണ സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുകയും, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്.

(സി) ആശ്വാസ് 2015 പദ്ധതി പ്രകാരം 28-2-2015-ലെ സ്ഥിതി അനുസരിച്ച് 45293 എണ്ണം വായ്പകളിലായി 1145.536 ലക്ഷം രൂപ പലിശയിനത്തിലും 466.55 ലക്ഷം രൂപ പിഴപലിശയിനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതി യിലൂടെ കടിശ്ശിക വായ്പകളിൽ 25126.71 ലക്ഷം രൂപ മുതലിനത്തിലും 7575.16 ലക്ഷം രൂപ പലിശയിനത്തിലും ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോഴിക്കോട്, കൊല്ലം, തൃശ്ശൂർ കാസർഗോഡ് എന്നീ ജില്ലകളിലെ 4 സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 8 വായ്പകളിലായി മുതൽ • രൂക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പ്രാഥമിക ഭവന സംഘങ്ങൾ, വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ തലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

സഹകരണമേഖലയിൽ പലിശരഹിത വായ്പാ പദ്ധതി

80 (426) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly